**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസവകുപ്പ്- സമന്വയ സോഫ്റ്റ് വെയർ വഴിയുള്ള 2019-2020 തസ്തികനിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം93.2019/പൊവിവ തീയതി, തിരുവനന്തപുരം, 22/07/2019**

പരാമർശം:- 1.സ.ഉ(എം.എസ്)നം51/2019 പൊ.വി.വ തീയതി 31.5.2019
2.സ.ഉ(കൈ) നം 63/2019/ പൊ.വി.വ 1 തീയതിയി 8,6.2019
3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 3.7.2019 തീയതിയിലെ എച്ച്2/ 19500/2019/ ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019-2020 വർഷം മുതൽ എയ്ഡഡ്/ സർക്കാർ സ്കൂളുകളിലെ തസ്തികനിർണ്ണയവും എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും സമന്വയ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈനായി നടത്താൻ പരാമർശം ഒന്ന്, രണ്ട് ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

എന്നാൽ സമന്വയ സോഫ്റ്റ് വെയറിലുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് സമയം വേണ്ടി വന്നതിനാൽ ഈ വർഷത്തെ തസ്തികനിർണ്ണയവും പുനർവിന്യാസവും പൂർത്തിയാക്കുവാൻ 31.7.2019 വരെ സമയം ദീർഘിപ്പിച്ചു നൽകണമെന്നും ഈ വർഷം തസ്തിക നഷ്ടമാകുന്ന സംരക്ഷിത ജീവനക്കാർക്ക് 31.7.2019 വരെ (പരമാവധി) പുനർവിന്യാസം കൂടാതെ ശമ്പളം നൽകണമെന്നും പൊതുവിദ്യാഭ്യാസഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭ്യാർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു.2019-2020 വർഷത്തെ തസ്തികനിർണ്ണയവും പുനർവിന്യാസവും പൂർത്തിയാക്കുവാൻ 31.7.2019 വരെ സമയം ദീർഘിപ്പിച്ചു കൊണ്ടും ഈ വർഷം തസ്തിക നഷ്ടമാകുന്ന സംരക്ഷിത ജീവനക്കാർക്ക് 31.7.2019 വരെ പുനർവിന്യാസം കൂടാതെ തന്നെ ശമ്പളം നൽകാൻ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു. കൂടാതെ, 2019-2020 വർഷത്തിൽ തസ്തിക നഷ്ടപ്പെടുന്ന മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി മേല്പറഞ്ഞ സമയപരിധിയ്ക്കുള്ളിൽ അധ്യാപക ബാങ്ക് പുതുക്കേണ്ടതാണെന്നും ഇപ്രകാരം അധ്യാപക ബാങ്കിൽ ഉൾപ്പെട്ട ജീവനക്കാരെയായിരിക്കണം താത്കാലികമായോ സ്ഥിരമായോ പുനർവിന്യസിക്കേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

ഇതിനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർമുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ പബ്ളിക്ക് റിലേഷൻസ് (വെബ് &ന്യൂമീഡിയ)/പ്രസ്സ് റിലീസ്) വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ